# അച്ചടി-ദൃശ്യ മാധ്യമങ്ങൾക്കിടയിലെ ദ്വീപുജീവിതം

- അലികുട്ടി സി

"ബെളുത്ത കണ്ടത്തി കറുത്ത ബിത്തിട്ട് കൺകുണ്ട നോക്കി, ബാ കുണ്ട കൊയ്ത്ത് " (വെളുത്ത കണ്ടത്തിൽ കറുത്ത വിത്തു വിതച്ച, കണ്ണു കൊണ്ടു നോക്കി, വായ കൊണ്ടു കൊയ്തു).

എഴുത്തിനെയും വായനയേയും കുറിക്കാൻ ലക്ഷദ്വീപിൽ പ്രചാരത്തിലുള്ള മനോഹരമായ കടങ്കഥയാണിത്.എഴുത്തും വായനയും എന്നത് മനുഷ്യചരിത്രത്തിലെ ഏറ്റവും ജൈവികമായ പ്രവർത്തനമാണ്.കൃഷിക്ക് തുല്യമായ സ്ഥാനമാണ് ദ്വീപുകാർ അതിനു കല്പിച്ചുനൽകുന്നത്. പുസ്തകത്തിന്റെ വെളുത്ത പ്രതലത്തിൽ കുനുകുനത്ത കറുത്ത അക്ഷരങ്ങൾ വിതയ്ക്കുന്ന പ്രക്രിയയാണ് ദ്വീപുകാർക്ക് എഴുത്ത്. കണ്ണുകൊണ്ട് അത് എന്തെന്നു മനസ്സിലാക്കി, വായ കൊണ്ട് കൊയ്തെടുക്കലാണ് അവർക്ക് വായന. അതായത് എഴുത്ത്, വിത്തുവിതക്കലും വായന, വിതച്ചത് കൊയ്യലുമാണ് എന്നു വിശ്വസിക്കുന്ന സമൂഹമാണ് ലക്ഷദ്വീപിലേത്.

എഴുത്തും വായനയുമാണ് ഏതൊരു സംസ്കാരത്തെയും മഹത്തരമാക്കുന്നത്. എഴുത്തും വായനയും ആഴത്തിൽ അനുഭവിച്ചറിയാതെ ഒരു

സമൂഹത്തിനും പൂർണതയിലെത്താനാവില്ല. മാനവരാശിയുടെ ചരിത്രത്തിലെ എല്ലാമുന്നേറ്റങ്ങൾക്കും വഴിതെളിയിച്ച ഊർജ്ജമായിരുന്നു അവ. ഏതൊരു സമൂഹത്തെയും വായനയുടേതായ സാംസ്കാരികാന്തരീക്ഷത്തിലേക്ക് പരിവർത്തിപ്പിക്കുന്നതിൽ പത്രമാധ്യമങ്ങളും ആനുകാലികങ്ങളും പുസ്തകങ്ങളും സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.എന്നാൽ അത്തരം പത്രമാധ്യമങ്ങളില്ലാത്ത സുപ്രഭാതങ്ങളാണ് ലക്ഷദ്വീപിൽ നാളിതുവരെ പുലർന്നത്.ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളാണ് ദിനപത്രങ്ങൾ എന്ന സാംസ്കാരികോപകരണത്തെ ദ്വീപുകൾക്ക് അന്യമാക്കിയത്.ആഴ്ചകളും മാസങ്ങളും കഴിഞ്ഞ് കരയിൽ നിന്നും കപ്പലേറി വരുന്ന പത്രങ്ങളിലെ ചൂടാറിയ വാർത്തകളിലൊന്നിലും ദ്വീപുകാരുടെ ജീവിതമില്ലായിരുന്നു.ഇങ്ങനെ അച്ചടിമാധ്യമങ്ങളുടെ കാര്യമായ ഇടപെടലില്ലാത്ത ദ്വീപസമൂഹത്തിലേക്ക് വളരെവേഗത്തിലാണ് ദൃശ്യമാധ്യമങ്ങളും സോഷ്യൽ മീഡിയയുമെല്ലാം കടന്നുവന്നത്. ഈ ഒരു പശ്ചാത്തലത്തിൽ ലക്ഷദ്വീപിന്റെ സാംസ്കാരിക ജീവിതത്തെ വിശദമായി പഠനവിധേയമാക്കാനാണ് **'അച്ചടി-ദൃശ്യ മാധ്യമങ്ങൾക്കിടയിലെ ദ്വീപുജീവിതം'** എന്ന ഈ പ്രബന്ധം ശ്രമിക്കുന്നത്.

മാനവപുരോഗതിയെ ത്വരിതപ്പെടുത്തിയ കണ്ടുപിടുത്തമാണ് അച്ചടി.വ്യാവസായിക വിപ്ലവാനന്തരം ലോകത്തിന്റെ വിവിധ ഇടങ്ങളിൽ അച്ചടിക്കപ്പെട്ട ആയിരക്കണക്കിനു പുസ്തകങ്ങളും പത്രങ്ങളുമാണ് നവോത്ഥാനകാലത്ത് വിജ്ഞാനവിനിമയത്തിന്റെ അടിസ്ഥാനമായി നിലകൊണ്ടത്.അറിവിനെ സംബന്ധിച്ച് കാലങ്ങളായി നിലനിന്നിരുന്ന അടിസ്ഥാന ധാരണകളെ അച്ചടി തകർത്തുകളഞ്ഞു.പൗരോഹിത്യം ദൈവത്തിന്റെ പേരിൽ കുത്തകവത്കരിച്ചിരുന്ന അറിവിനെ സമൂഹത്തിലെ എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ സാർവത്രികമാക്കാൻ അച്ചടിക്ക് കഴിഞ്ഞു.നവോത്ഥാനകാലത്ത് യൂറോപ്പിലെ പ്രൊട്ടസ്റ്റന്റുകൾ നേതൃത്വം

നൽകിയ മതനവീകരണത്തിന്റെ മുഖ്യ ആയുധം അച്ചടിയായിരുന്നു. മാർട്ടിൻ ലൂഥർ കത്തോലിക്കാസഭയ്ക്കും ഭരണകൂടത്തിനുമെതിരെ രൂക്ഷമായ വിമർശനങ്ങൾ അഴിച്ചുവിട്ടത് അച്ചടിച്ചുവിതരണം ചെയ്ത ലഘുലേഖകളിലൂടെയായിരുന്നു.ബൈബിൾ വായിക്കാനും പഠിക്കാനുമാണ് അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തത്. “ഞാനൊന്നും ചെയ്തില്ല; എല്ലാം ചെയ്തത് വാക്കുകളായിരുന്നു” (I did nothing; the word did everything) എന്ന അദ്ദേഹത്തിന്റെ വിഖ്യാതമായ വാചകം വിരൽചൂണ്ടുന്നതും അച്ചടിയിലേക്കു തന്നെയാണ്. മതനവീകരണ സമരത്തെ അടിച്ചമർത്താൻ കത്തോലിക്കസഭ സ്വീകരിച്ച മാർഗ്ഗം അച്ചടി നിരോധിക്കലായിരുന്നു. പതിനെട്ടാംനൂറ്റാണ്ടോടെ ഏഷ്യയിലെയും അമേരിക്കയിലെയും യൂറോപ്യൻ കോളനികളിൽ അച്ചടി വ്യാപകമായി.അതുവഴി കൊളോണിയൽ അധിനിവേശത്തിന്റെ ചിന്താപദ്ധതികൾക്കൊപ്പം കോളനീകൃതരാജ്യങ്ങളിലൊക്കെയും ‘സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം’ എന്ന ഫ്രഞ്ച് വിപ്ലവാനന്തരചിന്തയ്ക്കും പ്രചാരം ലഭിച്ചു.

ലോകത്തെ വായനയുടെ പ്രഭവകേന്ദ്രമാണ് പത്രമാധ്യമങ്ങൾ. അച്ചടിയുടെ അതിവ്യാപനത്തോടെ മുതിർന്നവർക്കും കുട്ടികൾക്കും വിശ്വാസികൾക്കും അവിശ്വാസി കൾക്കും ആണിനും പെണ്ണിനും ഒക്കെയായി പത്രങ്ങൾക്കൊപ്പം തന്നെ ധാരാളം പ്രസിദ്ധീകരണങ്ങളുമുണ്ടായി. പുസ്തകങ്ങളുണ്ടായി.അവ വായിച്ച് വായിച്ചാണ് ലോകത്തെല്ലാ യിടത്തുമുള്ള കൂട്ടായ്മകൾ വളർന്നത്; വായനശാലകൾ ഉണ്ടായത്; വൈജ്ഞാനിക വിനിമയങ്ങൾ നടന്നത്.എന്നാൽ ലക്ഷദ്വീപിൽ മാത്രം അത്തരമൊരു സാമൂഹിക നവോത്ഥാനമുണ്ടായില്ല.വായിച്ചുവളർന്ന ജനതയുടെ വൈജ്ഞാനികദാഹം ഇതുവരെ ദ്വീപുകാരറിഞ്ഞിട്ടില്ല.കൊളോണിയൽ ആധുനികതയുടെ ഉത്പന്നമാണെങ്കിലും അച്ചടിയുടെ തുടർച്ചയായി ലോകത്തിലാകെ ഉണ്ടായ സാമൂഹികമുന്നേറ്റത്തിന്റെ ഗുണങ്ങൾ ഈ

ദ്വീപസമൂഹത്തിനു ലഭിച്ചിട്ടില്ല. ലക്ഷദ്വീപിന്റെ ഭൂമിശാസ്ത്രപരമായ പരിമിതികളായിരുന്നു ഇതിനു പ്രധാന തടസ്സമായി നിന്നത്. പത്തൊമ്പതാംനൂറ്റാണ്ടിൽ യൂറോപ്പിനും അമേരിക്കയ്ക്കും പുറത്ത് അച്ചടിസംസ്കാരം ഏറ്റവും വിപുലമായി നിലനിന്നത് ഇന്ത്യയിലായിരുന്നിട്ടു പോലും അച്ചടി ദ്വീപുജീവിതത്തെ ഒരുതരത്തിലും മാറ്റിമറിച്ചില്ല. കൊളോണിയൽ ഭരണതാൽപര്യങ്ങളും ക്രൈസ്തവ മതപ്രചാരണവും മുൻനിർത്തി വിദേശമിഷണറിമാർ ഇന്ത്യൻ ഭാഷകളിലോരോന്നിലും പത്രങ്ങളും മാസികകളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. മതപ്രചരണത്തോടൊപ്പം മിഷണറിമാർ നടപ്പിലാക്കിയ ആധുനിക വിദ്യാഭ്യാസപദ്ധതികൾ ഇന്ത്യയിലെ പരമ്പരാഗത വൈജ്ഞാനിക വിനിമയരീതികളെ തകിടം മറിച്ചു.

സാക്ഷരസമൂഹത്തിലെ ആശയവിനിമയ മാതൃകയാണ് അച്ചടിയും പുസ്തകങ്ങളും.അത് വിജ്ഞാനവിനിമയരംഗത്തെ അധീശത്വം ഇല്ലാതാക്കി. “അച്ചടിച്ച ആശയങ്ങൾ വായനക്കാരന്റെ സ്വകാര്യതകളിലേക്ക് ഇടിച്ചുകയറി, വികാരങ്ങളെ ഇളക്കിമറിച്ച് സംസ്കാരത്തെ ഉടച്ചുവാർത്തു.”(ബെനഡിക്ട് ആൻഡേഴ്സൺ, 1991 പുറം 40) അച്ചടിയുടെ വ്യാപനത്തോടെ വ്യക്തികളുടെ സ്വകാര്യലോകങ്ങൾക്കപ്പുറം യുക്തിയിലും ശാസ്ത്രീയചിന്തയിലും അധിഷ്ഠിതമായ ഒരു പൊതുമണ്ഡലം രൂപീകൃതമായി. വിജ്ഞാനത്തെ വിമോചനപരമായ ഒന്നായിക്കണ്ട സാമൂഹ്യമാറ്റത്തിന്റെ ഇടമായി അതു വളർന്നു. അച്ചടിയിലൂടെ രൂപംകൊണ്ട ആധുനികതയുടെ ഈ പൊതുമണ്ഡലത്തിലാണ് അറിവിന്റെ പുതിയരൂപങ്ങൾ ഉണ്ടായത്. ഭാവനയുടെയും അഭിരുചിയുടെയും ചിന്തയുടെയും നിർമ്മാണമാണ് അച്ചടിയിലൂടെ സാധ്യമാകുന്നത്.

“അച്ചടികടന്നുവരുന്നതോടുകൂടി അച്ചടിക്കപ്പെട്ടതും, ചിഹ്നപ്പെട്ടതുമായ ഒട്ടേറെ അറിവുകളുടെ സ്വരുക്കൂട്ടലുകൾ സാധ്യമാകുന്നുണ്ട്.പ്രകൃതിയെയും മനുഷ്യജീവിതത്തെയും, സാമൂഹിക വ്യവസ്ഥിതിയെയുമൊക്കെ രേഖപ്പെടുത്തു

ന്ന ആഖ്യാനങ്ങൾ വാമൊഴിവിനിമയ തലത്തിൽനിന്നു ഘടനാപരമായി വ്യത്യാസപ്പെട്ട ഒരു സമൂഹത്തെയാണ് അഭിസംബോധന ചെയ്തത്. കേരളത്തിൽ ജാതി,മത,ലിംഗ പദവി ബന്ധങ്ങളിൽ വ്യത്യസ്തത പുലർത്തിയിരുന്ന സമൂഹത്തെ അച്ചടി, എഴുത്തിന്റെയും വായനയുടെയും പരിധിയിലേക്ക് കൂട്ടിക്കൊണ്ടു പോകുകയും താളിയോലകളും മറ്റും നിലനിന്നിരുന്ന ചുരുങ്ങിയ ഇടങ്ങളിൽ നിന്ന് എഴുത്തിനെ/അറിവിനെ വികേന്ദ്രീകരിക്കുകയും ചെയ്തു.മുമ്പുണ്ടായിരുന്ന ജാതി കേന്ദ്രിത സവർണ്ണ അധീശത്വഘടനയിൽ അച്ചടി വിള്ളൽ വീഴ്ത്തുകയും സാമ്പ്രദായിക സ്ഥാപനങ്ങളുടെ അടിത്തറയെ ദുർബലപ്പെടുത്തുകയും ചെയ്തു.(ശ്രീകുമാർ എ.ജി, 2016.45)

വാർത്താവിനിമയത്തിന്റെയും യാത്രാസൗകര്യങ്ങളുടെയും മുന്നേറ്റമാണ് ആധുനികമായ ജീവിതാവബോധവും ജനാധിപത്യവും ലോകത്തിൽ എല്ലായിടത്തും സാധ്യമാക്കുന്നത്. ഇന്ത്യയിലേക്ക് ആധുനികതയുടെ വെളിച്ചം കൊണ്ടുവന്നത് റെയിൽവേ, കമ്പിത്തപാൽ, ടെലഫോൺ, അച്ചടി, പാശ്ചാത്യവിദ്യാഭ്യാസം, റേഡിയോ തുടങ്ങിയ സൗകര്യങ്ങളായിരുന്നു. കടലിനു നടുവിൽ അനേകം തുരുത്തുകളായി ചിതറിക്കിടന്നതുകൊണ്ട് ആധുനികതയുടെ വാഹകരായ ഇവയൊന്നും തന്നെ യഥാസമയങ്ങളിൽ ദ്വീപുകളിലെത്തിച്ചേർന്നില്ല. ഇന്ത്യയിലെ എല്ലായിടങ്ങളിലുമെന്ന പോലെ ബ്രിട്ടീഷുകാർ ലക്ഷദ്വീപിലുമെത്തുന്നുണ്ട്. എന്നാൽ അധിനിവേശ-സാമ്പത്തിക താൽപര്യങ്ങൾക്കപ്പുറം അച്ചടിയനുബന്ധ മിഷണറി പ്രവർത്തനങ്ങളൊന്നും തന്നെ ദ്വീപുകളിലുണ്ടായിരുന്നില്ല. 1947 ൽ ബ്രിട്ടീഷുകാർ ഇന്ത്യവിട്ടു പോകുന്നതുവരെ ഏതാനും പ്രാഥമികവിദ്യാലയങ്ങൾ മാത്രമാണ് ദ്വീപുകളിൽ ഉണ്ടായിരുന്നത്.1880-90 കാലത്താണ് കൽപേനി, കവരത്തി, അമേനി, ആന്ത്രോത്ത് എന്നിവിടങ്ങളിൽ

ഈസ്റ്റിന്ത്യാകമ്പനിയുടെ നേതൃത്വത്തിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചത്. ഇംഗ്ലീഷ് പഠിപ്പിക്കാനറിയാവുന്ന അധ്യാപകരെയൊന്നും ഈ സ്കൂളുകളിൽ നിയമിച്ചിരുന്നില്ല, ഭരണകർത്താക്കളായ വിദേശികളും സ്കൂളിനെ സംശയത്തോടെ നോക്കിക്കണ്ട സ്വദേശികളും വേണ്ടത്ര പരിഗണന ഈ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നില്ല.ദ്വീപുനിവാസികളെല്ലാം തന്നെ ഇസ്ലാംമത വിശ്വാസികളായതുകൊണ്ട് സമാന്തരസ്ഥാപനങ്ങളായി അക്കാലത്ത് മതപാഠശാലകളായ ഓത്തുപള്ളികൾ പ്രവർത്തിച്ചിരുന്നു.അറബിയായിരുന്നു പ്രധാന ഭാഷ. ദ്വീപുമലയാളവും അറബിയും കൂടിച്ചേർന്ന അറബി-മലയാളരീതിയും നിലവിലുണ്ടായിരുന്നു. മലയാളലിപി വ്യാപകമാകുന്നതിനു മുമ്പ് ദ്വീപുമൊഴി രേഖപ്പെടുത്താൻ വട്ടെഴുത്ത് രീതി ഉപയോഗിച്ചിരുന്നു.സ്വാതന്ത്ര്യാനന്തരമാണ് ഹൈസ്കൂളുകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളു മുണ്ടാകുന്നത്.

കൊളോണിയൽ താൽപര്യങ്ങളുടെ ഭാഗമായാണെങ്കിലും അച്ചടിയുടെ വരവാണ് ഇന്ത്യയിൽ എല്ലാവർക്കും പഠിക്കാൻ കഴിയുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെ സൃഷ്ടിച്ചത്. ക്രൈസ്തവമത പ്രചരണാർത്ഥം അച്ചടിച്ച പുസ്തകങ്ങളും ബ്രിട്ടീഷുകാർ കൊണ്ടുവന്ന പൊതുനിയമങ്ങളും വായിച്ച് മനസ്സിലാക്കാൻ കഴിയുന്ന വിധേയത്വമുള്ള ജനതയെ സൃഷ്ടിക്കലാണ് മെക്കാളെയുടെ ചിന്തയിലുദിച്ച ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളെങ്കിലും അടിസ്ഥാനപരമായി അതു സാക്ഷരതാ പ്രവർത്തനം തന്നെയായിരുന്നു. എന്നാൽ മിഷണറി പ്രവർത്തനങ്ങൾക്ക് വളക്കൂറുള്ള മണ്ണല്ലാത്തതുകൊണ്ട് ലക്ഷദ്വീപിലെ അച്ചടിയനന്തര വിദ്യാഭ്യാസ പദ്ധതി പരാജയമായിരുന്നു.ഭൂമിശാസ്ത്രപരമായ പരിമിതികളേക്കാൾ അതിനു പ്രധാനകാരണമായി ചൂണ്ടിക്കാണിക്കുന്നത് പ്രബുദ്ധത്വത്തിന്റെയും

ജാതീയതയുടെയും താൽപര്യ ങ്ങളായിരുന്നുവെന്നാണ് പൂക്കോയ പി.ഐ. 'ദ്വീപോൽപത്തി'യിൽ അഭിപ്രായപ്പെടുന്നത്.

"പ്രഭുത്വത്തിന്റെയും തറവാടിത്തത്തിന്റെയും അടിസ്ഥാനത്തിലായിരുന്നല്ലോ ദ്വീപുകളിലെ ഭരണത്തലവന്മാരെ ബ്രിട്ടീഷുകാർ എടുത്തിരുന്നത്. അവർക്ക് വിദ്യാഭ്യാസം കൂടാതെ തന്നെ ഭരണം കൈകാര്യം ചെയ്യാൻ സാധിച്ചിരുന്നു.അതുകൊണ്ട് ദ്വീപുകളിലെ പ്രഭുവർഗ്ഗത്തിനു വിദ്യാഭ്യാസ പുരോഗതി ആവശ്യമില്ലന്നായി.സാധാരണക്കാരാണെങ്കിൽ ഉപരിവിദ്യാഭ്യാസം ചെയ്യുവാൻ സാമ്പത്തികനില അവരെ അനുവദിക്കുകയും ചെയ്തിരുന്നില്ല. മാലുമി, മേലാച്ചേരി വർഗ്ഗങ്ങൾക്ക് വിദ്യാഭ്യാസകാര്യത്തിൽ ചില മാമൂൽ തടസ്ഥങ്ങളും കൂടിയുണ്ടായിരുന്നു. ഇങ്ങനെയുള്ള കാരണങ്ങൾ ദ്വീപുകാരുടെ വിദ്യാഭ്യാസ പുരോഗതിയെ തടഞ്ഞു." (പൂക്കോയ പി.ഐ,1960: 115)

അച്ചടിയുടെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയ മാധ്യമമാണ് പത്രങ്ങളും ആനുകാലികങ്ങളും. അറിവ് വാമൊഴിയായി കൈമാറിയിരുന്ന പരമ്പരാഗത രീതിയുടെ സ്ഥാനത്ത് എഴുതിവെക്കപ്പെട്ടതാണ് (അച്ചടിക്കപ്പെട്ടതാണ്) അറിവ് എന്ന ആധികാരികത കൈവരുന്നത് അച്ചടി മാധ്യമങ്ങളിലൂടെയാണ്.ഇതുവഴി നിരന്തരമായി കണ്ടും കേട്ടും പറഞ്ഞും കൈമാറി വന്ന അറിവുകളെ എളുപ്പത്തിൽ നിരാകരിക്കാൻ കൊളോണിയൽ ചിന്താപദ്ധതികൾക്ക് കഴിഞ്ഞു. വിവര–വിജ്ഞാന വിനിമയത്തിന്റെ ആധികാരിക കേന്ദ്രമായി അച്ചടിയെ സ്ഥാപിക്കാൻ പത്രമാധ്യമങ്ങൾക്കായി. നവോത്ഥാനാനന്തരം ലോകത്തെ സ്വാധീനിച്ച സകല വിജ്ഞാന മേഖലകളെയും ചിന്താപദ്ധതികളെയും ഭാഷാ-സാഹിത്യ വ്യവഹാരങ്ങളെയും പരിചയപ്പെടുത്താൻ പത്രങ്ങൾക്കായി.ആനുകാലികങ്ങളുടെ വരവാണ് പദ്യം മാത്രം പരിചയിച്ച് ശീലിച്ച മലയാളികൾക്ക് നോവൽ, ചെറുകഥ തുടങ്ങിയ

പുതിയ സാഹിത്യരൂപങ്ങളെ പരിചിതമാക്കിയത്. ഒപ്പം പ്രാദേശികമായ മൊഴിഭേദങ്ങളെ തള്ളിക്കളഞ്ഞ് ഭാഷയുടെ മാനകീകരണവും സാധ്യമാക്കി. വിവിധ ഇടങ്ങളിൽ ചിതറിക്കിടന്ന ഒരേ ഭാഷ സംസാരിക്കുന്ന മനുഷ്യരെ ദേശം എന്ന സാങ്കൽപ്പികലോകം നിർമ്മിച്ച് ഒന്നിപ്പിക്കുന്നതിലൂടെ ദേശരാഷ്ട്രത്തിൽ മാധ്യമങ്ങൾ നിർണ്ണായകമായ ശക്തിയായി വളർന്നു. 1956ൽ കേരളം രൂപീകൃതമാവുന്നതിനു എത്രയോ മുമ്പേ അച്ചടി മാധ്യമങ്ങളിലൂടെ നിർമ്മിച്ചെടുത്ത ഭാവനാത്മകമായ ദേശമായി 'കേരള'ത്തെ മലയാളം വായിക്കുന്ന ജനത കണ്ടു.

ജനാധിപത്യത്തിന്റെ നാലാംതൂണ് എന്നാണ് മാധ്യമങ്ങളെ വിശേഷിപ്പിക്കുന്നത്. സ്വന്തമായി പത്രമാധ്യമങ്ങളില്ലാത്ത ദേശത്തിന്റെ ജനാധിപത്യ പ്രക്രിയ അവതാളത്തിലാകുക സ്വാഭാവികമാണ്. ലക്ഷദ്വീപിന്റെ ഭൂമിശാസ്ത്രപരമായ പരിമിതികൾ ഏറ്റവുമധികം ദോഷകരമായി ബാധിച്ചത് പത്രമാധ്യമങ്ങളെയാണ്.ഒരു ദിനപ്പത്രം എന്നത് ദ്വീപിലെ സാഹചര്യത്തിൽ അസാധ്യമായി ഇപ്പോഴും നിലകൊള്ളുന്നു.ദ്വീപിലെ അച്ചടിമാർഗ്ഗങ്ങളുടെ അപര്യാപ്തതയും വിതരണം ചെയ്യാനുള്ള പ്രയാസങ്ങളുമാണ് ഇതിനുകാരണം. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ തണലിലാണ് ഇന്ത്യയിലെല്ലായിടത്തും പ്രസ്സുകളും പത്രങ്ങളുമാരംഭിക്കുന്നത്. എന്നാൽ മിഷനറി പ്രവർത്തനങ്ങളുടെ കേന്ദ്രമല്ലാത്തതുകൊണ്ടാകാം സ്വാതന്ത്ര്യപൂർവ്വകാലത്തു ലക്ഷദ്വീപിൽ അത്തരം സ്ഥാപനങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യം കിട്ടി ആറുമാസങ്ങൾക്കു ശേഷം കരയിൽ നിന്നും ചരക്കുമായി വന്ന ഓടങ്ങളാണ് രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിയ വാർത്ത ദ്വീപിലെത്തിക്കുന്നത്. ഒരു പത്രമുണ്ടായിരുന്നെങ്കിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചത് ആഘോഷിക്കാൻ മാസങ്ങളോളം ദ്വീപുകാർക്ക് കാത്തിരിക്കേണ്ടിവരില്ലായിരുന്നു. ദ്വീപുകൾക്കു

കത്തുനിന്നും പുറത്തുനിന്നും ഉള്ള വാർത്തകളും വിജ്ഞാനങ്ങളുമൊന്നും അറിയാനും പങ്കുംവെക്കാനും കഴിയാത്ത കാലമായിരുന്നു അത്.

ആഴ്ച്ചപ്പതിപ്പിന്റെയോ മാസികയുടെയോ രൂപത്തിലല്ലാതെ ദ്വീപിൽ പത്രങ്ങൾ സാധ്യമായിരുന്നില്ല.ലക്ഷദ്വീപ് ഒരു കേന്ദ്രഭരണ പ്രദേശമായി രൂപംകൊണ്ടതിനും പന്ത്രണ്ടു വർഷങ്ങൾക്കു ശേഷമാണ് (1968) ദ്വീപിനു സ്വന്തമായി ഒരു പത്രമിറങ്ങുന്നത്. യു.സി.കെ.തങ്ങളുടെ പത്രാധിപത്യത്തിൽ ഇറങ്ങിയ 'ദ്വീപപ്രഭ'യായിരുന്നു അത്.ലക്ഷദ്വീപ് ഭരണകൂടത്തിന്റെ ദുഷ്ചെയ്തികളെ ജനങ്ങളിലേക്കെത്തിക്കാൻ വേണ്ടിയുള്ള അദ്ദേഹത്തിന്റെ നിരന്തരശ്രമത്തിന്റെ ഫലമായിരുന്നു കോഴിക്കോട്ടെ അശോകം പ്രസ്സിൽ നിന്നും പ്രസിദ്ധീകരണമാരംഭിച്ച ദ്വീപപ്രഭ. എന്നാൽ ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടലും സാമ്പത്തിക പരാധീനതയും ഭരണകൂടത്തിന്റെ എതിർപ്പുമെല്ലാം വൈകാതെ പത്രം മുടങ്ങി പ്പോകാനിടയായി.എന്നാൽ ദ്വീപപ്രഭയുടെ ചുവട് പിടിച്ച് കുറ്റുതലാളുകൾ പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്നു. പക്ഷെ അത്തരം ശ്രമങ്ങളൊന്നും തന്നെ വിജയമായില്ല. ശ്രീ ഒമേഷ് സൈഗാൾ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററായിരുന്ന കാലത്താണ് സർക്കാരിന്റെ ഔദ്യോഗിക പത്രമായ 'ലക്ഷദ്വീപ് ടൈംസ്' ആരംഭിക്കുന്നത്. കവരത്തിയിൽ നിന്നും സായാഹ്നദിനപത്രമായി പുറത്തിറങ്ങിയിരുന്ന പത്രം മറ്റുദ്വീപുകളിലും സൈക്ലോസ്റ്റൈൽ മെഷീൻ വഴി അന്നുതന്നെ പ്രിന്റ് എടുക്കാനുള്ള സൗകര്യങ്ങളൊരുക്കിയിരുന്നു. എന്നാൽ അധികം വൈകാതെ തന്നെ ദിനപ്പത്രം എന്ന രീതിയിൽ നിന്നും ആഴ്ച്ചയിൽ ഒന്നോ രണ്ടോ എന്ന തലത്തിലേക്ക് പത്രം മാറി. ലക്ഷദ്വീപ് ടൈംസ് ഇന്നും പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിലും സർക്കാർ കാര്യങ്ങൾ അറിയിക്കാനുള്ള ഒരു സംവിധാനമായി അതു ചുരുങ്ങിപ്പോയി.

തൊണ്ണൂറുകൾക്ക് ശേഷമാണ് പത്രം ഒരു അനിവാര്യതയാണെന്ന തിരിച്ചറിഞ്ഞ് ഇതിനായുള്ള നിരന്തരശ്രമങ്ങളുണ്ടാകുന്നത്. ചെറിയ പ്രസ്സുകൾ സ്ഥാപിച്ച് ലക്ഷദ്വീപിൽ തന്നെ പത്രമാസികകൾ അച്ചടിക്കാനുള്ള ശ്രമങ്ങളുമുണ്ടായി.ദ്വീപ്ശബ്ദം (ലിയാക്കത്ത്), പവിഴദ്വീപ് (അമീർ കവരത്തി), അൽഖലം (അബ്ദുള്ളക്കോയ മുസ്ല്യാർ, ഫക്കീർബായ്, ലിയാക്കത്ത്), ആഴിനാദം (കല്പേനി ജലാലുദ്ധീൻ), ദ്വീപ് (ഡോ.എം.കെ.സൈദ് മുഹമ്മദ്), ലക്ഷദ്വീപ് ഡയറി (ഇസ്മത്ത് ഹുസൈൻ, സിറാജ് പി.കെ), അൽജസീറ (പാത്തുമ്മാബി അഗത്തി), തിരമാല (ചമയം ഹാജാഹുസൈൻ), നവോത്ഥാനം (സിറാജ് പി.കെ), യുവദ്വീപ് (ചെറിയകോയ), യുവശബ്ദം (എം.കെ.കോയ), സ്റ്റുഡന്റ്സ് തോട്ട്സ് (ചെറിയകോയ), ദ്വീപ് നാദം( പണ്ടാരിപ്പുര മുഹ്സിൻ), ദ്വീപ് ടൈംസ് (അമീർ പുതിയത്താനോടാ), മിസ്രാവ് (യാസർ അറഫാത്ത്) മാസികകളായും ആഴ്ച്ചപ്പതിപ്പുകളായും പുറത്തിറങ്ങിയ ഇവയൊക്കെ ദ്വീപിനെ അടയാളപ്പെടുത്താനുള്ള ശ്രമങ്ങളായിരുന്നു. എന്നാൽ വായനയുടെ ഒരു വലിയലോകം സാധ്യമാക്കാനോ ദ്വീപിലെ സമകാലിക വിഷയങ്ങളിൽ കാര്യമായി ഇടപെടാനോ പൊതുജനാഭിപ്രായരൂപീകരണം സാധ്യമാക്കാനോ ഇവയ്ക്കൊന്നും കഴിഞ്ഞിരുന്നില്ല. സാമൂഹിക നവോത്ഥാനത്തിന്റെയും ജനാധിപത്യത്തിന്റെയും ഇടങ്ങൾ സാധ്യമാക്കുന്ന തരത്തിൽ വലിയ സ്വാധീനശക്തിയായി മാറാൻ ലക്ഷദ്വീപിലെ അച്ചടി മാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

അച്ചടിയിലൂടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ വഴി സാക്ഷരരാക്കപ്പെട്ട ജനതയുടെ വൈജ്ഞാനികദാഹത്തെ ശമിപ്പിച്ചത് പ്രാദേശികവും ദേശീയവുമായി ഉയർന്നുവന്ന വായനശാലകളായിരുന്നു. വായനയിലൂടെ അറിവിനൊപ്പം വിനോദവും പകർന്നുനൽകാൻ വായനശാലകൾക്കായി.1835ൽ കൽക്കത്തയിൽ ദ്വാരകാനാഥ് സ്ഥാപിച്ച പബ്ലിക് ലൈബ്രറിയാണ്

ഇന്ത്യയിലെ ആദ്യത്തെ ഗ്രന്ഥശാല. 1942 ആകുമ്പോഴേക്കും ഇന്ത്യയിലാകെ പതിമൂവ്വായിരത്തിലധികം ലൈബ്രറികൾ പ്രവർത്തിച്ചിരുന്നു. ഭരണകൂടം, അക്കാദമിക –വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരികസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, മതസംഘടനകൾ തുടങ്ങി ഒട്ടേറെ മേഖലകളിലായി വിവിധതരം വായനശാലകൾ രൂപം കൊണ്ടു. മനുഷ്യന്റെ ചിന്താശേഷിയും ജനാധിപത്യ-മതേതര കാഴ്ച്ചപ്പാടുകളും നിർമ്മിക്കുന്നതിൽ വായനശാലകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്.കേരളത്തെ സംബന്ധിച്ചടത്തോളം കേരളീയ നവോത്ഥാനത്തെ വിഭാവനം ചെയ്ത ആധുനിക സ്ഥാപനമായായാണ് ഗ്രന്ഥശാലകൾ വിലയിരുത്തപ്പെടുന്നത്.

സ്വാതന്ത്ര്യാനന്തരം സർക്കാർ മുൻകയ്യെടുത്തുണ്ടായ പബ്ലിക് ലൈബ്രറികളല്ലാതെ പൊതുജനകൂട്ടായ്മയിൽ ദ്വീപുകളിൽ വലിയതോതിൽ ഗ്രാമീണവായനശാലകളുണ്ടായില്ല. (ചിലയിടങ്ങളിൽ അതിനുള്ള ശ്രമങ്ങളുണ്ടായെങ്കിലും വേണ്ടത്ര വിജയം കണ്ടില്ല) മതപണ്ഡിതൻമാർ വിവിധ ദ്വീപുകളിൽ ഓത്തുപള്ളികളോടനുബന്ധിച്ച് മതപ്രചരണാർത്ഥം സ്ഥാപിച്ച ഖുറാനും ഇസ്ലാമിക ചരിത്രവും പരിചയപ്പെടുത്തുന്ന വായശാലകൾ മതത്തിനപ്പുറത്തേക്ക് വളർന്നതുമില്ല. വായിച്ചും പുറംനാടുകളിൽ യാത്ര ചെയ്തും കിട്ടിയ അറിവുകളും കഥകളും മേലാബായിൽ (പടിഞ്ഞാറേ കടപ്പുറം)കാറ്റുമറ പിടിച്ചു കിടന്ന വേനൽകാല രാത്രികളിൽ പരസ്പരം പങ്കുവെച്ചായിരുന്നു ദ്വീപുകാർ വിജ്ഞാനവിനിമയം നടത്തിയിരുന്നത്. ഇന്നു എല്ലാ ദ്വീപുകളിലും സർക്കാർ ഉടമസ്ഥതയിൽ പബ്ലിക്ക് ലൈബ്രറികളുണ്ട്. ഇവിടങ്ങളിൽ വായനാനുബന്ധ പ്രവർത്തനങ്ങൾ കാര്യമായി തന്നെ നടക്കുന്നുണ്ട്. എങ്കിലും ഗൗരവത്തിലുള്ള വായനയും സാഹിത്യചർച്ചകളുമുണ്ടായില്ല.ദ്വീപിന്റെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനു വായനയുടേതായ വലിയ കൂട്ടായ്മകൾ

അനിവാര്യമായിരുന്നു.തങ്ങളുടെ സംസ്കാരത്തോട് കൂറും സ്വന്തം ഭാഷയോട് അദമ്യമായ സ്നേഹവുമുള്ള സമൂഹത്തിന്റെ സൃഷ്ടിയിലൂടെ മാത്രമേ ഏതുതരത്തിലുള്ള സാമൂഹിക നവോത്ഥാനവും സാധ്യമാവുകയുള്ളൂ.

നാടോടി കലാസാഹിത്യം, നാവികശാസ്ത്രം, അറബി സാഹിത്യം, അറബി- മലയാളം പാട്ടുകൾ തുടങ്ങി ഒട്ടേറെ മേഖലകളിൽ ശക്തമായ സാഹിത്യ സമ്പത്ത് ലക്ഷദ്വീപിലുണ്ട്. ദ്വീപിന്റെ വൈജ്ഞാനിക പാരമ്പര്യത്തെ അടയാളപ്പെടുത്തുന്ന ഇവയൊന്നും പുസ്തകങ്ങളായി ദ്വീപിനകത്തും പുറത്തുമുള്ള വായനക്കാരിലേക്കെത്തിയില്ല.അതുകൊണ്ടുതന്നെ വായനയുടെ ഉപോത്പന്നമായ ശാസ്ത്രീയചിന്തയും സർഗ്ഗാത്മകശേഷിയും വികസിച്ചുവന്നില്ല. സങ്കീർണവും നാടോടിപാരമ്പര്യങ്ങളിൽ അധിഷ്ഠിതവുമായ ജീവിതമായിരുന്നിട്ടും അതിനെ തീവ്രമായി അടയാളപ്പെടുത്തുന്ന ഉദാത്തമായ സാഹിത്യസൃഷ്ടികൾ ദ്വീപുകളിൽ നിന്നും വെളിച്ചം കാണാത്തതിനുള്ള കാരണം ഇതൊക്ക തന്നെയാണ്.ഗ്രന്ഥശാലസംഘവും സാഹിത്യ പ്രവർത്തക സഹകരണ സംഘം പോലുള്ള പ്രസാധകരുമാണ് കേരളത്തിൽ വായനയുടെ വിശാലലോകം സാധ്യമാക്കിയത്. ലക്ഷദ്വീപിലെ സർക്കാർ സംവീധാനങ്ങളൊന്നും തന്നെ ഈ മേഖലയിൽ കാര്യമായി ഇടപെടുന്നില്ല. എന്നാൽ കിൽത്താൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലക്ഷദ്വീപ് സാഹിത്യ പ്രവർത്തക സഹകരണസംഘം ദ്വീപിനെ അടയാളപ്പെടുത്തുന്ന ചില പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് പ്രസിദ്ധീകരണ രംഗത്തേക്കെത്തിയത് പ്രത്യാശയ്ക്ക് വക നൽകുന്നു.

വിദ്യാഭ്യാസരംഗത്ത് കൈവരിക്കേണ്ടിയിരുന്ന കുതിച്ചുചാട്ടത്തെ അച്ചടി അനുബന്ധ സാംസ്കാരിക ജീവിതത്തിന്റെ അഭാവം സാരമായി ബാധിച്ചിട്ടുണ്ട്. വൻകരയിലെ വിദ്യാർത്ഥികളുമായി താരതമ്യം ചെയ്യുമ്പോൾ ദ്വീപിലെ കുട്ടികൾ അക്കാദമികമായി പലപ്പോഴും പിന്നാക്കം പോകുന്നതിന്റെ

സുപ്രധാനകാരണം വായനയുടേതായ സാംസ്കാരികാന്തരീക്ഷം അനുഭവിക്കാത്തതുകൊണ്ടാണ്.പഠനരംഗത്ത് കുട്ടികൾ അനുഭവിക്കുന്ന ഈ ബുദ്ധിമുട്ട് കടമത്തിലെ കാലിക്കറ്റ് സർവ്വകലാശാല സെന്ററിൽ അധ്യാപകനായിരുന്ന കാലത്ത് നേരിട്ട് മനസ്സിലാക്കിയതാണ്.വേണ്ടത്ര വായനാവബോധമില്ലാത്തതിനാൽ അവരുടെ സാഹിത്യാസ്വാദനം വഴിമുട്ടി. അതുകൊണ്ടുതന്നെ പുതിയ പഠനമേഖലകളെ ഗുണാത്മകമായി സമീപിക്കാനും കഴിഞ്ഞില്ല. 'ക്രിയേറ്റീവ് തിങ്കിങ്ങി'ന്റെ അഭാവമാണ് മറ്റൊരു പ്രാധാനപ്രശ്നം.സർഗാത്മകവിചിന്തനം സാധ്യമാകാതെ മാനവികവിഷയങ്ങൾക്കൊപ്പം ശാസ്ത്രവിഷയങ്ങളുടെ പഠനപ്രവർത്തനങ്ങളും താളംതെറ്റി.

പ്രിന്റ്മീഡിയ ഇല്ലാതെ വിഷ്വൽമീഡിയയിലേക്ക് ചാടിപ്പോയ ജനതയാണ് ലക്ഷദ്വീപിലേത്. ലോകമാധ്യമചരിത്രത്തിലെ തന്നെ അപൂർവ്വതയാണിത്. പത്രങ്ങൾ ഒരു ചെറുചലനം പോലുമുണ്ടാക്കാതിരുന്ന ഈ സമൂഹത്തിൽ ടെലിവിഷനും ഇന്റർനെറ്റും വളരെവേഗത്തിലാണ് വ്യാപിച്ചത്.പതിന്മടങ്ങു ദൂരമുണ്ട് പത്രമാധ്യമങ്ങളിൽ നിന്ന് ദൃശ്യമാധ്യമങ്ങളിലേക്ക്. രണ്ടും രണ്ടുതരം മാധ്യമസംസ്കാരമാണ്. വിനോദ വ്യവസായത്തിന്റെ കേന്ദ്രമാണ് ദൃശ്യമാധ്യമരംഗം.വിവരങ്ങൾ കൈമാറുക (to inform), വിദ്യാഭ്യാസം നൽകുക (to educate) തുടങ്ങിയ പ്രാഥമിക മാധ്യമധർമ്മങ്ങളേക്കാൾ വിനോദ (to entertain) ത്തിനാണ് ദൃശ്യമാധ്യമ സംസ്കാരം ഊന്നൽ നൽകുന്നത്. പത്രങ്ങളെത്താത്ത വീടുകളായിരുന്നു ലക്ഷദ്വീപിൽ അധികമുണ്ടായിരുന്നതെങ്കിൽ ഇന്ന് ടെലിവിഷൻ ചാനലുകളില്ലാത്ത വീടുകൾ അപൂർവ്വമാണ്. പത്രവാർത്ത വായിച്ചും പുസ്തകങ്ങൾ വായിച്ചും ശീലമല്ലാത്ത കുടുംബാന്തരീക്ഷ ത്തിലേക്കാണ് സീരിയലും സിനിമയും വാർത്തകളും ആഘോഷിക്കുന്ന ചാനലുകളെത്തുന്നത്.

മലയാളിയുമായി വലിയതോതിൽ സാംസ്കാരിക വിനിമയം നടക്കുന്ന സമൂഹമായിരുന്നിട്ട് പോലും മമ്മൂട്ടിയും മോഹൻലാലും ദിലീപും പൃത്ഥിരാജുമല്ലാതെ എം.ടി.യോ ഒ.എൻ.വി.യോ ബഷീറോ ഉറൂബോ എന്തിന് ഇവിടുത്തെ തന്നെ എഴുത്തുകാരോ ഒരു വികാരമായി ദ്വീപ് ജനതയിലേക്ക് സംക്രമിച്ചില്ല. അച്ചടിമാധ്യമത്തിലൂടെ ലഭിക്കുന്ന അറിവ് ആഴമേറിയതും അനുഭവപരവുമായിരുന്നെങ്കിൽ ദൃശ്യമാധ്യമങ്ങൾ തരുന്നത് ഉപരിപ്ലവം മാത്രമാകുന്നു.പരസ്യങ്ങളുടെ കോലാഹലങ്ങളല്ലാതെ ക്രിയാത്മകമായ ഒന്നുംതന്നെ ടെലിവിഷൻ ദ്വീപുകാർക്ക് നൽകി എന്നു തോന്നുന്നില്ല. ദ്വീപിന് സ്വന്തമായി ഒരു ടെലിവിഷൻ ചാനൽ എന്ന സ്വപ്നവും യാഥാർത്ഥ്യമായിട്ടില്ല. കേവലം ഉപഭോഗസമൂഹം മാത്രമായി ദ്വീപുജനതയെ മാറ്റിയെടുക്കുന്നതിൽ ദൃശ്യമാധ്യമങ്ങൾ വിജയിക്കുകയും ചെയ്തു. ഈ ദൃശ്യമാധ്യമ വിസ്മയത്തിന്റെ ആലസ്യം കെട്ടുകാഴ്ചകളുടെ സമൂഹത്തെ സൃഷ്ടിച്ച് കൊണ്ടിരിക്കുന്നതിനിടയിലാണ് സ്ഫോടനാത്മക ശേഷിയുള്ള സോഷ്യൽമീഡിയയും സൈബർ വ്യവഹാരങ്ങളും ദ്വീപുകളിലെത്തുന്നത്. അധികാരകേന്ദ്രങ്ങളിലെ കൊള്ളരുതായ്മകളും രാഷ്ട്രീയ ചേരിതിരിവുകളുമാണ് പലപ്പോഴും ദ്വീപിന്റെ സാമൂഹിക മുന്നേറ്റത്തെ ദോഷകരമായി ബാധിച്ചത്. ഇതു ചൂണ്ടിക്കാണിക്കാൻ പറ്റിയ ഒരു മാധ്യമം ദ്വീപുകാർക്ക് സ്വന്തമായി ഇല്ലായിരുന്നു. ഫേസ്ബുക്കും വാട്സപ്പും ഉൾപ്പെടെയുള്ള സാമൂഹ്യ മാധ്യമങ്ങൾ ഇന്ന് ചെറിയ തോതിലെങ്കിലും ഈ കടമ ഭംഗിയായി നിർവഹിക്കുന്നുണ്ട്. ഈ പ്രബന്ധ പൂർത്തീകരണത്തിനു ലക്ഷദ്വീപിൽ നിന്നും പുറത്തിറങ്ങിയ ആദ്യത്തെ നോവലായ 'കോലോടം' എഴുതിയ, പത്രപ്രവർത്തകൻ കൂടിയായിരുന്ന ശ്രീ ഇസ്മത്ത് ഹുസൈന്റെ സോഷ്യൽ മീഡിയയിലെ ഒരു പോസ്റ്റ് സഹായകമാകും എന്നതുകൊണ്ട് ഷെയർ ചെയ്യുന്നു.

*പുസ്തകങ്ങൾ കുറേ ചുട്ടുകരിച്ചു പിന്നെ കുഴിച്ചു മൂടി......*

***ഇസ്മത്ത് ഹുസൈൻ***

*കവരത്തി സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പേര് മാറ്റി. ഇപ്പോൾ അതിന് പ്രത്യേകം പേരില്ല. അക്കാദമി ബിൽഡിങ്ങും ലൈബ്രറി കെട്ടിടവും ചേർന്ന് സർദാർ വല്ലഭായി പട്ടേൽ കോംപ്ലക്സ്. മലയാള പുസ്തകങ്ങൾ അന്വേഷിച്ചപ്പോൾ ആദ്യം ഇല്ലെന്നായിരുന്നു മറുപടി. പിന്നേയും ചോദിച്ചപ്പോൾ പുസ്തക റാക്കുകൾക്ക് പുറകിൽ വളരെ കുറഞ്ഞ പുസ്തകങ്ങളുടെ റാക്കുകൾ കാണിച്ചു തന്നു. 80 ഓളം റാക്കുകളിൽ വെറും എട്ടു ഷെൽഫുകളിൽ ഒതുങ്ങുന്ന മലയാളം. ബാക്കി ഇംഗ്ലീഷ് ഹിന്ദി പുസ്തകങ്ങൾ. ഏകദേശം അമ്പതിനായിരത്തോളം മലയാള പുസ്തകങ്ങളുണ്ടായിരുന്ന കവരത്തി സെൻട്രൽ ലൈബ്രറിയുടെ ഇന്നത്തെ അവസ്ഥയാണിത്. ലൈബ്രറിയിൽ മൊത്തം പ്രധാനമന്ത്രി മോഡിയുടെ സന്ദർശന ചിത്രങ്ങളും. മലയാള പുസ്തകത്തിന് സംഭവിച്ച കൊലപാതകം അന്വേഷിച്ചപ്പോളാണ് ഞെട്ടിയത്. അതു കവരത്തി കടപ്പുറത്തെ വലിയ ലൈബ്രറി കെട്ടിടത്തിൽ നിന്നും സെൽവരാജദ്ദേഹം തുഗ്ലക്ക് ഭരണ പരിഷ്ക്കാരത്തിന്റെ ഭാഗമായി ലൈബ്രറി മാറ്റിയപ്പോൾ പുസ്തകങ്ങൾ വെക്കാൻ സ്ഥലമില്ലാതായപ്പോൾ കുറെ കത്തിച്ചു കളഞ്ഞു. പിന്നെ കുറേ കടപ്പുറത്ത് കുഴിച്ചിട്ടു.*

*അറേബ്യൻ സംസ്കാരത്തെ തകർക്കാൻ യൂറോപ്യൻമാർ ചെയ്തതുപോലെ ദ്വീപിന്റെ മൂല്യങ്ങളെ ചോർത്തികളയാൻ ഭരണകൂട ഭീകരതയായി ഇതും കൂടി ചേർത്ത് വെക്കാം. അറനൂറ്റാണ്ട് കാലം ഏകാധിപത്യത്തിനു മുന്നിൽ തല കുമ്പിട്ട് ഓച്ഛാനിച്ച്*

*നിന്ന അടിമത്ത മനോഭാവം വിട്ട് സടകുടഞ്ഞെണീക്കേണ്ട അവസരമാണിത്.....*

**സഹായക ഗ്രന്ഥങ്ങൾ**

- പൂക്കോയ പി.ഐ, ദ്വീപോത്പത്തി,1960, ഫാൽക്കൺ കാലിക്കറ്റ്
- ശ്രീകുമാർ എ.ജി,പുസ്തകവും കേരളസംസ്കാര പരിണാമവും, 2016 കേരളസർവ്വകലാശാല, തിരുവനന്തപുരം
- സതികുമാരൻ നായർ പി, ലക്ഷദ്വീപിലെ മലയാളം,1974, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം
- സാബ്ജാൻ പി, ലക്ഷദ്വീപ് ഇന്നലെ ഇന്ന്, 2013, മൈത്രി ഫോറം, കോഴിക്കോട്
- Benedict Anderson, Imagined Communities: Reflections on the Origin and Spread of Nationalism, 1991,Verse, London
- http://misrave.blogspot.com/

---

*അസി.പ്രൊഫസർ, ശ്രീ നീലകണ്ഠ ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി*